**ഗ്രാമിൻ കൃഷി മ aus സം സേവ**
ഇന്ത്യ കാലാവസ്ഥാ വകുപ്പ്
കേരള കാർഷിക സർവകലാശാല

# അഗ്രോമെറ്റ് ഉപദേശക ബുള്ളറ്റിൻ

**തീയതി : 03-09-2025**

**കാസർകോഡ്(കേരളം) കാലാവസ്ഥാ പ്രവചനം - പ്രസിദ്ധീകരിച്ചത് :2025-09-03 ( അടുത്ത 5 ദിവസങ്ങളിൽ 8:30 IST വരെ സാധുവാണ്)**

| ಹವಾಮಾನ ಅಂಶ | 2025-09-04 | 2025-09-05 | 2025-09-06 | 2025-09-07 | 2025-09-08 |
|---|---|---|---|---|---|
| മഴ (മില്ലീമീറ്റർ) | 29.6 | 24.3 | 16.2 | 12.6 | 12.2 |
| ടിമാക്സ് (° C) | 26.9 | 27.2 | 27.7 | 27.8 | 27.8 |
| ടിമിൻ (° C) | 23.7 | 23.6 | 23.6 | 23.2 | 23.0 |
| RH I (%) | 93 | 94 | 94 | 95 | 93 |
| RH II (%) | 80 | 73 | 73 | 75 | 73 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ) | 4.2 | 2.4 | 4.0 | 0.8 | 1.3 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 301 | 207 | 190 | 207 | 34 |
| ക്ലൗഡ് കവർ (ഒക്ത) | 8 | 6 | 6 | 5 | 6 |
| മുന്നറിയിപ്പ് | ശക്തമായ ഉപരിതല കാറ്റ് | കനത്ത മഴ; ശക്തമായ ഉപരിതല കാറ്റ് | കനത്ത മഴ; ശക്തമായ ഉപരിതല കാറ്റ് | ?? Unknown | ?? Unknown |

## മുന്നറിയിപ്പ് സംഗ്രഹം:

ഉയർന്ന അന്തരീക്ഷ ആർദ്രതയും ഊഷ്മാവും അനുഭവപ്പെടും. ആകാശം പൊതുവേ ഭാഗികമായും ചിലയിടങ്ങളിൽ പൂർണ്ണമായും മേഘാവൃതമായിരിക്കും സെപ്റ്റംബർ 03,04ന് ഒറ്റപെട്ട ശക്തമായ മഴയ്ക്ക് സാധ്യത. സെപ്റ്റംബർ 05,06ന് ശക്തികുറഞ്ഞ മഴയ്ക്ക് സാധ്യത.

## കാലാവസ്ഥ മുന്നറിയിപ്പുകൾ (അടുത്ത ദിവസം 08:30 IST വരെ പ്രായോഗികം):

സെപ്റ്റംബർ 03,04ന് ഒറ്റപെട്ട ശക്തമായ മഴയ്ക്ക് സാധ്യത.

## കാലാവസ്ഥ മുന്നറിയിപ്പുകൾക്കുള്ള agrícolas അനുഭവങ്ങൾ, അനുബന്ധമായ എഗ്രോമെറ്റ് ഉപദേശം:

തുറസ്സായ സ്ഥലങ്ങളിൽ കാർഷിക ഉൽപന്നങ്ങൾ ഉണക്കുന്നതിൽ ബുദ്ധിമുട്ട്. നേർത്ത തണ്ടുള്ള പഴങ്ങളും പച്ചക്കറികളും ഒടിഞ്ഞു വീഴാനുള്ള സാധ്യത. കൃഷിയിടങ്ങളിൽ വെള്ളം കെട്ടിനിൽക്കാനുള്ള സാധ്യത. വെയിലത്തിട്ടുണക്കുന്ന വിത്തുകൾ, റബ്ബർ, കശുവണ്ടി മുതലായവ

| |
|---|
| നശിച്ചുപോവുകയോ ഗുണനിലവാരം കുറഞ്ഞു പോവുകയോ ചെയ്യുക, കാലി/കോഴി തേറ്റകൾ എന്നിവ പിക്ക് പൂപ്പൽ പിടിക്കുക മുതലായവ |

## പൊതു ഉപദേശം:

| |
|---|
| മഴ ശമിക്കുന്നതു വരെ കൃഷിപ്പണികൾ മാറ്റി വെക്കുക. കാര്ഷികോല്പന്നങ്ങൾ വെയിലത്തിട്ടുണക്കരുത് . വിത്ത്, വളം, കോഴി/കാലിത്തീറ്റ എന്നിവ തുറസ്സായ സ്ഥലത്തു വെക്കരുത്. അവ മുറികളിൽ ഉയർത്തിയ പ്രതലങ്ങളിൽ ചുമരുകൾക്ക് തട്ടാതെ സൂക്ഷിക്കുക. പാടത്തെക്കു വെള്ളം പ്രവേശിക്കുന്ന നാളികൾ അടക്കുക. സുഗമമായ നീർവാർച്ച ഉറപ്പു വരുത്തുക മൃഗങ്ങളെ തുറസ്സായ ഇടങ്ങളിലോ വൃക്ഷച്ചുവട്ടിലോ പാർപ്പിക്കരുത്. ബലക്ഷയം വന്ന തൊഴുത്തുകളും അനുയോജ്യമല്ല മണ്ണിടിച്ചലിന് സാധ്യതയുള്ള ഇടങ്ങളിൽ താമസിക്കുന്നവർ അതീവ ജാഗ്രത പുലർത്തുക. ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശങ്ങൾ പാലിക്കുക. |

## SMS ഉപദേശം:

| |
|---|
| കുരുമുളക് പൊള്ളു കീടവും രോഗവും : മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ ഒരു ലിറ്ററിൽ 2 മില്ലി വീതം കിനാൽഫോസ് ചേർത്ത് തളിക്കുക. |

## വിള നിർദ്ദിഷ്ട ഉപദേശം:

| വിള | വിള നിർദ്ദിഷ്ട ഉപദേശം |
|---|---|
| അരി | കരിച്ചൽ/ചീച്ചൽ രോഗം : മുൻകരുതലായി ബ്ലീച്ചിങ് പൗഡർ (ഏക്കറിന് 2 കിലോ) സുഷിരങ്ങളുള്ള കിഴികളിലാക്കി വെള്ളം കണ്ടത്തിലേക്ക് പ്രവേശിക്കുന്ന ഇടങ്ങളിൽ നിക്ഷേപിക്കുക |

## ഹോർട്ടി കൾച്ചർ നിർദ്ദിഷ്ട ഉപദേശം:

| ഹോർട്ടി കൾച്ചർ | ഹോർട്ടി കൾച്ചർ നിർദ്ദിഷ്ട ഉപദേശം |
|---|---|
| നാളികേരം | കൂമ്പു ചീയൽ : കൂമ്പുചീയൽ ഉണ്ടായാൽ പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി നശിപ്പിക്കുകയും മുറിവിൽ ബോഡോ കുഴമ്പു പുരട്ടുകയും ചെയ്യുക. തുടർന്ന് പുതുനാമ്പു വരുന്നത് വരെ കൂമ്പിനെ ഒരു പ്ലാസ്റ്റിക് കടലാസുപയോഗിച്ചു പൊതിഞ്ഞു മഴ വെള്ളം ഇറങ്ങാതെ സംരക്ഷിക്കുക. സമീപത്തുള്ള തെങ്ങുകളുടെ കുരുത്തോലക്കും ചുറ്റുമുള്ള ഒലക്കവിളുകളിലും ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക. ദുർബല മേഖലകളിൽ, തെങ്ങുകളുടെ പ്രതിരോധ ശേഷി ഉയർത്താൻ സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടുന്ന സമഗ്ര പോഷക മൂലക പരിപാലനം ഉണ്ടായിരിക്കണം. |
| കുരുമുളക് | ദ്രുത വാട്ടം: റീഡോമിൽ (2ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) അല്ലെങ്കിൽ കോപ്പർ ഓക്സി ക്ളോറൈഡ് (3ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുക. ഇതേ രീതിയിൽ തയ്യാറാക്കിയ ലായനി അഞ്ചു ലിറ്റർ വീതം ഓരോ വള്ളിയുടെയും ചുവട്ടിലെ മണ്ണിൽ കുതിർക്കുകയും ചെയ്യുക |
| കുരുമുളക് | പൊള്ളു കീടവും രോഗവും : മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ ഒരു ലിറ്ററിൽ 2 മില്ലി വീതം കിനാൽഫോസ് ചേർത്ത് തളിക്കുക. രോഗം കാണുകയാണെങ്കിൽ അഞ്ചു ലിറ്റർ വെള്ളത്തിനു ഹെക്സകൊണസോൾ കുമിൾ നാശിനി |

| ഹോർട്ടി കൾച്ചർ | ഹോർട്ടി കൾച്ചർ നിർദ്ദിഷ്ട ഉപദേശം |
|---|---|
| | അഞ്ചു മില്ലിയും സൈഹാലോത്രിൻ മൂന്ന് മില്ലിയും വീതം ചേർത്ത് തയ്യാറാക്കിയ ലായനി തളിക്കുക |
| ഇഞ്ചി | വാട്ടം : ഒരു സെന്റിന് മൂന്നുകിലോ വീതം കുമ്മായം മണ്ണിൽ ചേർത്തിളക്കുക. ട്രൈക്കോഡെർമ, സ്യൂഡോമോണസ് എന്നീ ജീവാണുക്കൾ ഉപയോഗിക്കുക. രോഗം വന്ന ചെടികൾ പിഴുതുമാറ്റി ഒരുശതമാനം വീര്യമുള്ള ബോഡോമിശ്രിതം കൊണ്ട് തടം കുതിർക്കുക. |

## ലൈവ് സ്റ്റോക്ക് നിർദ്ദിഷ്ട ഉപദേശം:

| ലൈവ് സ്റ്റോക്ക് | ലൈവ് സ്റ്റോക്ക് നിർദ്ദിഷ്ട ഉപദേശം |
|---|---|
| പശു | പാദ, വായ രോഗം : അഫ്തോവൈറസ് അണുബാധ മൂലമുണ്ടാകുന്ന വളരെയേറെ പകരുന്ന രോഗമാണ് കാൽ, വായ് രോഗം. അണുബാധയുടെ ഫലമായി വായിലും ചുറ്റുപാടും കാലുകളിലും വെസിക്കുലാർ നിഖേദ് ഉണ്ടാകുന്നു, അതിന്റെ ഫലമായി ഒരു മൃഗം ഭക്ഷണം കഴിക്കാനോ നീങ്ങാനോ വിമുഖത കാണിക്കുന്നു. പ്രതിരോധം: വ്യക്തിഗത മൃഗങ്ങൾക്കും അവയുടെ പാർപ്പിടത്തിനും ചുറ്റുപാടുകൾക്കും ശുചിത്വ സാഹചര്യങ്ങൾ ഉറപ്പാക്കുക. ഹെൽത്ത് ടോണിക്കുകൾ അടങ്ങിയ വിറ്റാമിനുകളും ധാതുക്കളും അടങ്ങിയ തീറ്റകൾ നൽകിക്കൊണ്ട് കന്നുകാലികളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുക. രോഗം വന്നാൽ ഉടൻ വെറ്ററിനറി ഡോക്ടറുടെ മേൽനോട്ടത്തിൽ മരുന്ന് നൽകുക. |

## കാലാവസ്ഥ മുന്നറിയിപ്പുകളുടെ സാധ്യതാപരമായ ആഘാതങ്ങൾ (പൊതുവായ):

| |
|---|
| • കനത്ത മഴ കാരണം ദൃശ്യപരത കുറയുകയും ഗതാഗതക്കുരുക്ക് ഉണ്ടാകുകയും ചെയ്തേക്കാം. • റോഡുകളിൽ വെള്ളം കെട്ടിനിൽക്കുന്നത്/ മരങ്ങൾ കടപുഴകി വീഴുന്നത്/ മരക്കൊമ്പുകൾ ഒടിഞ്ഞുവീഴുന്നത് മൂലം താൽക്കാലികമായി ഗതാഗതം തടസ്സപ്പെടുന്നത് യാത്രാ സമയം വർദ്ധിപ്പിക്കുന്നതിലേക്ക് നയിക്കുന്നു. • മരങ്ങൾ വീഴുന്നത് വൈദ്യുതി മേഖലയ്ക്ക് നാശനഷ്ടങ്ങൾ വരുത്തിയേക്കാം. • കനത്തതോ അതിശക്തമായതോ ആയ മഴ കാരണം ദുർബലമായ കെട്ടിടങ്ങൾക്ക് കേടുപാടുകൾ സംഭവിക്കാനുള്ള സാധ്യത. |

## പ്രഭാവ അധിഷ്ഠിത ഉപദേശം (സാധാരണ):

| |
|---|
| • ഗതാഗത മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ അവ പാലിക്കുക. • ദുർബലമായ കെട്ടിടങ്ങളിൽ താമസിക്കുന്നത് ഒഴിവാക്കുക. |

**Farmers are advised to download Unified �Mausam� and "Meghdoot" android application on mobile for Weather forecast and weather based Agromet Advisories and "Damini" android application for forecast of Thunderstorm and lightening.**

**Mausam MobileApp link: https://play.google.com/store/apps/details/**

**Meghdoot MobileApp link: https://play.google.com/store/apps/details**

**Damini MobileApp link : https://play.google.com/store/apps/details**